പതിമൂന്നാം കേരള നിയമസഭ

# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4723 29.06.2012-ൽ മറുപടിയ്ക്ക്

## അച്ചടി വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് ഭേദഗതി

ചോദ്യം

**ശ്രീ. വി. ശിവൻകുട്ടി**

(എ) അച്ചടി വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി എന്ന് നടപ്പിലാക്കും എന്നു വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ ഭേദഗതി പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതു നടപ്പിലാക്കാൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

മറുപടി

**ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)**

**(എ) യും (ബി) യും (സി) യും**

അച്ചടി വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനു വേണ്ടി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസിൽ ഡിപ്ലോമക്കാരും സർട്ടിഫിക്കറ്റുകാരും തമ്മിൽ സൂപ്പർവൈസറി തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിന് നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ഉണ്ടായിരുന്ന 1:1 റേഷ്യോ ഒഴിവാക്കി സീനിയോരിറ്റി മാനദണ്ഡമാക്കി തയ്യാറാക്കിയതാണ്. ആയതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ട്. 1:1 റേഷ്യോ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ഡിപ്ലോമ ഹോൾഡേഴ്സ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ - 27785/2009 -ന്റെ 05.10.2009-ലെ ബഹു.ഹൈക്കോടതി വിധി ന്യായത്തിൽ ഡിപ്ലോമാ ഹോൾഡേഴ്സിന്റെ നിവേദനത്തിലെ ആക്ഷേപങ്ങളും സമാനമായ ആക്ഷേപങ്ങളും കൂടി കണക്കിലെടുത്തുവേണം അച്ചടി വകുപ്പിലെ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ അന്തിമമാക്കേണ്ടതെന്ന നിർദ്ദേശമുള്ള തിനാൽ ആയത് സർക്കാർ പരിശോധിച്ച് വരുന്നു.

Pushpa Kumari

സെക്ഷൻ ഓഫീസർ